## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 425 | 04.06.2018 – ൽ മറുപടിക്ക്

## പൊതു വിതരണ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>,, വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതു വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) റേഷൻ പൊതുവിതരണ രംഗം അഴിമതി വിമുക്തമാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി റേഷൻ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് അർഹരായ ഉപഭോക്താവിന് മാത്രം റേഷൻ വിതരണം നടത്തി വരുന്നു. ഓരോ കാർഡിനും അർഹതപ്പെട്ട റേഷൻ വിഹിതം, കൈപ്പറ്റിയ വിഹിതം, ഓരോ കടയിലെയും സ്റ്റോക്ക് വിവരങ്ങൾ, വിതരണക്രമം മുതലായവ epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും. ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ റേഷൻ വിഹിതം എസ്.എം.എസ്. മുഖേന അറിയിക്കുകയും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും ചെയ്യുന്നു. റേഷൻ വിതരണ രംഗത്തെ അഴിമതി തടയുന്നതിനായി സംസ്ഥാനതല സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ , മുകളിലോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും കൃത്യമായ പരിശോധനകൾ നടത്തുന്നുണ്ട്. |
| (ബി) വിലക്കയറ്റം പിടിച്ച നിർത്തുന്നതിന് ഏതൊക്കെ സർക്കാർ ഏജൻസികൾക്കാണ് ചുമതല നല്കിയതെന്ന് വ്യക്തമാക്കുമോ; | (ബി) കമ്പോളത്തിൽ ഇടപെട്ട് വിലക്കയറ്റം പിടിച്ച നിർത്തുന്നതിന് സർക്കാർ ചുമതലയുള്ള ഏജൻസിയാണ് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ. |

(സി) ഇതിനായി സർക്കാർ നല്കിയിട്ടുള്ള സാമ്പത്തിക സഹായം സംബന്ധിച്ചുള്ള വിവരം വിശദമാക്കുമോ?

(സി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ കമ്പോള ഇടപെടലിനായി സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുള്ള തുക ചുവടെ നൽകുന്നു.

| സാമ്പത്തിക വർഷം | തുക |
|---|---|
| 2016-17 | 200 കോടി രൂപ |
| 2017-18 | 200 കോടി രൂപ |
| 2018-19 | 150 കോടി രൂപ *(ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്)* |

*സെക്ഷൻ ഓഫീസർ*